**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4335** **25.06.2019-ൽ മറുപടിയ്ക്ക്**

## റോഡ് പണിക്ക് ഷ്രെഡഡ് പ്ലാസ്റ്റിക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** റോഡ് പണിക്ക് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | നിർദ്ദേശിച്ചിട്ടുണ്ട്. |
| **(ബി)** റോഡുകൾ ടാർ ചെയ്യുമ്പോൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | (ബി) | റോഡുകളുടെ നിർമ്മാണത്തിനായി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുമ്പോൾ റോഡിന്റെ 50% നിർബന്ധമായും shredded plastic ഉപയോഗിച്ച് ടാർ ചെയ്യുന്നതിനാവശ്യമായ provision ഉൾപ്പെടുത്തേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്. |
| **(സി)** റോഡ്. നിർമ്മാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് എത്തിച്ചു കൊടുക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത് ആർക്കാണ് എന്ന് വ്യക്തമാക്കുമോ? | (സി) | ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് ആണ് ചുമതല നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ